**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1440** **10-10-2024 - ൽ മറുപടിയ്ക്ക്**

**കൂടുതൽ ഇ എസ് ഐ ക്ലിനിക്കുകൾ ആരംഭിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കൂടുതൽ ഇ.എസ്.ഐ ക്ലിനിക്കുകൾ ആരംഭിക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കുമോ; | (എ) | **സംസ്ഥാനത്ത് നിലവിൽ 147 ഇ.എസ്.ഐ ഡിസ്പെൻസറികളും 2 ഡിസ്പെൻസറി കം ബ്രാഞ്ച് ഓഫീസും പ്രവർത്തിച്ചു വരുന്നുണ്ട്. ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിനു കീഴിൽ 18 ഏക ഡോക്ടർ ടൈപ്പ് ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനും ഇതിലേയ്ക്കായി 162 തസ്തികകൾ സൃഷ്ടിച്ചു കൊണ്ടും 15.09.2017 ലെ സ.ഉ(കൈ) നം.75/2017/തൊഴിൽ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിൽ 12 ഡിസ്പെൻസറികൾക്ക് ഇ.എസ്.ഐ കോർപ്പറേഷന്റെ അനുമതി ലഭിച്ചിട്ടുണ്ട്. കണ്ണൻദേവൻ ഹിൽസ്, മുക്കം, കട്ടപ്പന, സുൽത്താൻ ബത്തേരി, മാനന്തവാടി എന്നിവ ഏക ഡോക്ടർ ടൈപ്പായും ബാലുശ്ശേരി, റാന്നി, കുറ്റനാട്, ആലത്തൂർ, താമരശ്ശേരി, വെഞ്ഞാറമൂട് എന്നിവ 2 ഡോക്ടർ ടൈപ്പായും കുത്താട്ടുകുളം 3 ഡോക്ടർ ടൈപ്പായും ആരംഭിക്കുന്നതിനാണ് ഇ.എസ്.ഐ കോർപ്പറേഷൻ അനുമതി നൽകിയത്. പ്രവർത്തനാനുമതി ലഭിച്ചതിൽ മുക്കം, കട്ടപ്പന, ആലത്തൂർ, കണ്ണൻദേവൻ ഹിൽസ് എന്നിവ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇ.എസ്.ഐ കോർപ്പറേഷന്റെ മാനദണ്ഡ പ്രകാരം സ്വകാര്യ വാടക കെട്ടിടത്തിൽ ഡിസ്പെൻസറികൾ ആരംഭിക്കാൻ കഴിയാത്തതിനാൽ പുതിയ ഡിസ്പെൻസറികൾ പ്രവർത്തനം ആരംഭിക്കുന്നതിനാവശ്യമായ സ്ഥലം കണ്ടെത്തി നൽകുവാൻ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കേരളത്തിലെ പ്രത്യേക സാഹചര്യത്തിൽ ഡിസ്പെൻസറികൾ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ സ്ഥലം ലഭ്യമാകാതെ വരുന്നതിനാൽ സ്വകാര്യ വാടക കെട്ടിടത്തിൽ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് അനുമതി നൽകണമെന്ന് ഇ.എസ്.ഐ ഹെഡ് ക്വാർട്ടേഴ്സിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ** |

| | | | |
|---|---|---|---|
| | | | കേന്ദ്ര/സംസ്ഥാന സർക്കാർ/ പൊതുമേഖല കെട്ടിടങ്ങൾ ലഭ്യമാണോ എന്ന് പരിശോധിച്ച് വരുന്നു. |
| (ബി) | നിലവിലുള്ള ഇ.എസ്.ഐ ക്ലിനിക്കുകളിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ? | (ബി) | ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിൽ 147 ഇ.എസ്.ഐ ഡിസ്പെൻസറികളാണ് നിലവിലുള്ളത്. ടി ഡിസ്പെൻസറികൾ മുഖേന ഇ എസ് ഐ ഗുണഭോക്താക്കൾക്ക് ഒ.പി സേവനങ്ങൾ, റഫറൻസുകൾ, ലീവ് സർട്ടിഫിക്കറ്റുകൾ എന്നിവ നൽകുന്നുണ്ട്. ധന്വന്തരി സോഫ്റ്റ് വെയർ മുഖേന ഡിസ്പെൻസറികളിൽ നിന്നുള്ള രജിസ്ട്രേഷൻ, ക്ലിനിക്കൽ, ഫാർമസി പ്രവർത്തനങ്ങൾ പൂർണ്ണമായും ഓൺലൈനായി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.<br><br>ഇ.എസ്.ഐ ഡിസ്പെൻസറി ഭിന്നശേഷി സൗഹൃദമാക്കുന്നതിന്റെ ഭാഗമായി സ്വന്തം കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നതും റാംപ് സൗകര്യമില്ലാത്തതുമായ ഇ.എസ്.ഐ ഡിസ്പെൻസറികളുടെ വിവരം ശേഖരിച്ച് വരുകയാണ്. ഇ.എസ്.ഐ ഡിസ്പെൻസറികളിൽ ആവശ്യമായ കുടിവെള്ളം ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. നിലവിൽ വാടക കെട്ടിടത്തിൽ മുകളിലത്തെ നിലയിൽ പ്രവർത്തിച്ച് വരുന്ന ഇ എസ് ഐ ഡിസ്പെൻസറികൾ താഴത്തെ നിലയിൽ മാറ്റി സ്ഥാപിക്കുന്ന വിഷയം പരിശോധിച്ച് വരുകയാണ്.<br><br>ഇ.എസ്.ഐ കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള ഇ.എസ്.ഐ ഡിസ്പെൻസറികൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ അറ്റകുറ്റ പണികൾ സംസ്ഥാന പി.ഡബ്ല്യൂ.ഡി യ്ക്ക് കൈമാറുന്ന നടപടി അന്തിമ ഘട്ടത്തിലാണ്. സംസ്ഥാന ഇ.എസ്.ഐ ആശുപത്രികളുടേയും ഡിസ്പെൻസറികളുടേയും അടിസ്ഥാന സൗകര്യങ്ങളും ആരോഗ്യ സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിനും പരിരക്ഷിത വ്യക്തികൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനുമായി രൂപീകരിച്ചിട്ടുള്ള Common Support Mission Team സംസ്ഥാനത്തെ വിവിധ ഇ.എസ്.ഐ ആശുപത്രികളും ഡിസ്പെൻസറികളും സന്ദർശിച്ചിട്ടുണ്ട്. പ്രസ്തുത സംഘത്തിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇ.എസ്.ഐ ആശുപത്രികളിൽ നിന്നും ഡിസ്പെൻസറികളിൽ നിന്നും കൂടുതൽ മെച്ചപ്പെട്ട സേവനം നൽകുന്നതിനുള്ള നടപടികൾ ഇ.എസ്.ഐ കോർപ്പറേഷൻ ആവിഷ്ക്കരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ